'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019 ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ - ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 'സാന്ത്വനവും പരിചരണവും' പദ്ധതിയ്ക്ക് ഉപാധിയോടെ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.3/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/01/2020**

---

പരാമർശം:- 1 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2019 ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ ചേർന്ന യോഗത്തിലെ 4.23-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പാലിയോറ്റീവ് യൂണിറ്റുകളുടെ പരിചരണത്തിൽ കഴിയുന്ന ഇരുന്നൂറോളം കിടപ്പുരോഗികൾക്ക് നീതി മെഡിക്കൽ സ്റ്റോർ മുഖാന്തിരം ഡയപ്പറുകൾ വാങ്ങി നൽകുന്നതിന് പ്രതിമാസം 1000/- രൂപയും ബെഡ് ഷീറ്റ് വാങ്ങി നൽകുന്നതിന് ഒറ്റത്തവണയായി 500/- രൂപയും നൽകുവാൻ ഉദ്ദേശിച്ച് 8,00,000/-രൂപ പൊതുവിഭാഗത്തിൽ നിന്നും വകയിരുത്തി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ 'സാന്ത്വനവും പരിചരണവും' എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ നൂതന പ്രോജക്ടിനുള്ള കമ്മിറ്റി അനുമതി നൽകാത്ത സാഹചര്യത്തിൽ, ടി പ്രോജക്ട് പ്രത്യേക അനുമതിക്കായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി മുൻപാകെ സമർപ്പിക്കുകയുണ്ടായി. ധനസഹായം പണമായി നേരിട്ട് നൽകുന്നതിന് കോഓർഡിനേഷൻ സമിതി അനുമതി നിരസിച്ചു. പകരം പാലിയേറ്റീവ് യൂണിറ്റ് മുഖേന സാധനങ്ങൾ വാങ്ങി നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷം ആവിഷ്കരിച്ച പ്രോജക്ട് നം. 112/20 'സാന്ത്വനവും പരിചരണവും' എന്ന പദ്ധതി, ധനസഹായം പണമായി നേരിട്ട് നൽകാതെ പാലിയേറ്റീവ് യൂണിറ്റ് മുഖേന സാധനങ്ങൾ വാങ്ങി നൽകുന്ന രീതിയിൽ നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
അണ്ടർ സെക്രട്ടറി

പകർപ്പ്: പ്രസിഡണ്ട്/സെക്രട്ടറി, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്,പാലക്കാട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.[illegible] 12:43:03 IST
Reason: Approved

സെക്ഷൻ ഓഫീസർ